# കേരള കാർഷിക സർവകലാശാല

ധനകാര്യ (ഡബ്ല്യു.പി.എഫ്. & ലോൺ) വിഭാഗം,
മെയിൻ ക്യാമ്പസ്, വെള്ളാനിക്കര,
കെ.എ.യു. (പി. ഒ.), തൃശൂർ - 680656.

നം. KAUFIN/5524/2025-FIN WPF-L1

തിയതി: 22-12-2025

**പരിപത്രം**

വിഷയം: കേരള കാർഷിക സർവകലാശാല - ധനകാര്യം - ഡബ്ല്യു.പി.എഫ് & ലോൺ - ഡബ്ല്യു.പിഎഫ്, ഡബ്ല്യു.ഡബ്ല്യു.എഫ്.എസ്, ഡബ്ല്യു.എഫ്.ബി.എസ് പദ്ധതികളുമായി ബന്ധപ്പെട്ട് ഉപയോഗത്തിലുള്ള ഫോറങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി നടപ്പിൽ വരുത്തുന്നത് – സംബന്ധിച്ച്.

സൂചന: 30.08.2025-ന് ചേർന്ന 151-ാമത് ജനറൽ കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച പ്രമേയം 7-ന്മേലുള്ള സഭയുടെ തീരുമാനം.

***

ഡബ്ല്യു.പി.എഫ്, ഡബ്ല്യു.ഡബ്ല്യു.എഫ്.എസ്, ഡബ്ല്യു.എഫ്.ബി.എസ് പദ്ധതികളിലെ അംഗത്വം, നാമനിർദ്ദേശം, തുക പിൻവലിക്കൽ തുടങ്ങിയ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ ഫോറങ്ങൾ, സൂചിത ജനറൽ കൗൺസിൽ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ആയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കൂടാതെ KAU വെബ്സൈറ്റിലും ലഭ്യമാകുന്നതാണ്. പ്രസ്തുത ഫോറങ്ങൾ 22-12-2025 തിയതി മുതൽ സർവകലാശാലയുടെ എല്ലാ കേന്ദ്രങ്ങളിലും ഉപയോഗത്തിൽ വരുത്തേണ്ടതാണ്.

ഡബ്ല്യു.പി.എഫ്, ഡബ്ല്യു.ഡബ്ല്യു.എഫ്.എസ്, ഡബ്ല്യു.എഫ്.ബി.എസ് പദ്ധതികളിൽ അംഗത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഡബ്ല്യു.പി.എഫ് അംഗത്വത്തിനായുള്ള അപേക്ഷയിൽ (ഫോറം നമ്പർ - 1) നിർദ്ദേശിച്ചിരിക്കുന്ന നോമിനി മൈനർ ആണെങ്കിൽ രക്ഷാകർത്താവിന്റെ വിവരങ്ങൾ നിർബന്ധമായി രേഖപ്പെടുത്തേണ്ടതാണ്.
2. ഡബ്ല്യു.പി.എഫ് പദ്ധതിയിൽ നിലവിലുള്ള നാമനിർദ്ദേശം പരിഷ്കരിക്കുന്നതിനായുള്ള അപേക്ഷ ഫോറം നമ്പർ - 2 ൽ മാത്രം സമർപ്പിക്കേണ്ടതാണ്.

3. ഡബ്ലിയു.ഡബ്ലിയു.എഫ്.എസ് അംഗത്വത്തിനായുള്ള അപേക്ഷയോടൊപ്പം (ഫോറം -1) പ്രവേശന ഫീസ് ഈടാക്കിയ മാസത്തെ ശമ്പള ബില്ലിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

4. ഡബ്ലിയു.ഡബ്ലിയു.എഫ്.എസ്, ഡബ്ലിയു.എഫ്.ബി.എസ് പദ്ധതികളിൽ അംഗത്വത്തിനായുള്ള അപേക്ഷയോടൊപ്പം കുടുംബത്തിന്റെ വിശദാംശങ്ങൾ (ഫോറം നമ്പർ - 2), നാമനിർദ്ദേശ പത്രിക എന്നിവ ഉള്ളടക്കം ചെയ്യേണ്ടതാണ്. ടി പദ്ധതികളിൽ അംഗതത്തിനായുള്ള അപേക്ഷയും അനുബന്ധ രേഖകളും ഒരു പകർപ്പ് സഹിതം പ്രത്യേകം പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

5. ഡബ്ലിയു.ഡബ്ലിയു.എഫ്.എസ്, ഡബ്ലിയു.എഫ്.ബി.എസ് പദ്ധതികളുടെ നാമനിർദ്ദേശ പത്രികകളിൽ വരിക്കാരന് മുൻപ് നോമിനിയുടെ മരണം സംഭവിക്കുന്ന പക്ഷം നോമിനിയുടെ അവകാശം കൈമാറേണ്ട വ്യക്തിയുടെ പേരും മറ്റു വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. നിർദ്ദേശിച്ചിരിക്കുന്ന നോമിനി മൈനർ ആണെങ്കിൽ മൈനറിനുവേണ്ടി തുക സ്വീകരിക്കേണ്ട വ്യക്തിയുടെ പേരും വിലാസവും രേഖപ്പെടുത്തേണ്ടതാണ്.

ഡബ്ലിയു.പി.എഫ് പദ്ധതിയിൽ നിന്ന് ഭാഗികമായോ, പൂർണ്ണമായോ തുക പിൻവലിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. തുക പിൻവലിക്കുന്നതിനായുള്ള അപേക്ഷയോടൊപ്പം ഫോറം 'E' യിലെ വിവരങ്ങൾക്ക് അടിസ്ഥാനമായ ക്രെഡിറ്റ് കാർഡ് പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

2. ഡബ്ലിയൂ.പി.എഫ് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം തൊഴിലാളിയുടെ സത്യപ്രസ്താവന ഉൾപ്പെടുത്തേണ്ടതാണ്.

3. തുക പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് 26.12.2023 തിയതിയിലെ KAUFIN/5625/2023-F1N WPF-L2 നമ്പറായുള്ള പരിപത്രത്തിലെ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

കംപ്ട്രോളർ

സ്വീകർത്താവ്:

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും (announce@kau.in) മുഖാന്തിരം.
2. മാനേജർ, ഇ-ഗവേണൻസ്, കെ.എ.യു.
   (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: കംപ്ട്രോളറുടെ പി.എ/ഡെപ്യൂട്ടി കംപ്ട്രോളർ (പി & എൽ)/ലേബർ ഓഫീസർ/കരുതൽ ശേഖരം/മിച്ചം.